ത്തിന്റെ രണ്ടു പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം	5,000 രൂപ വീതം
7. അപകടത്തിൽ മരണപ്പെടുന്ന അംഗത്തിന്റെ ശവശരീരം വീട്ടിൽ എത്തിക്കുന്നതിന് ധനസഹായം	1,000 രൂപ
8. മരണമടയുന്ന അംഗത്തിന്റെ ശവ സംസ്കാരചടങ്ങിന് ധനസഹായം	1,000 രൂപ
9. ഗുരുതരമായി മുറിവേൽക്കപ്പെടുന്ന അംഗത്തിന്റെ ശുശ്രൂഷാച്ചെലവിന് ധനസഹായം	5,000 രൂപ.

(സി-ഇ) പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ കൃഷിഭവനുകൾക്ക് നൽകിയിട്ടുണ്ട്. ജൂലൈ 5 മുതൽ 20 വരെ കൃഷിഭവനുകളിൽ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. ആവശ്യമായ അപേക്ഷാ ഫാറങ്ങൾ അച്ചടിച്ചു വിതരണം ചെയ്യുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇനിയൊരു ചർച്ച ആവശ്യമാണെന്ന് തോന്നുന്നില്ല.

98(1064) കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിനുള്ള പദ്ധതി

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കർഷകർക്കുവേണ്ടി 'കർഷകരക്ഷ' എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) കാർഷികമേഖലയെപ്പറ്റി പഠനം നടത്തുന്നതിന് നിയോഗിച്ചിരുന്ന ശ്രീ. എം. പി. മേനോൻ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഈ റിപ്പോർട്ടിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകരുടെ ക്ഷേമം മുൻനിർത്തി ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി ലിമിറ്റഡുമായി ചേർന്നുകൊണ്ട് നടപ്പാക്കുന്ന പദ്ധതിയിൽ 18 നും 70 നും മധ്യേ പ്രായമുള്ള 10 ലക്ഷം കർഷകർക്ക് അംഗത്വം നൽകുന്നതാണ്. രണ്ട് ഹെക്ടർ വരെ കൃഷിഭൂമി കൈവശ

LIBRARY ARCHIVES Kerala Legislative Assembly

മുള്ള കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർക്ക് അംഗത്വം ലഭിക്കും. അംഗത്തിന്റെ വാർഷിക പ്രീമിയമായ 10 രൂപ സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകും. അംഗങ്ങൾക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്.

1.	എല്ലാവിധ അപകടമരണവും	ഒരു ലക്ഷം രൂപ
2.	പൂർണ്ണമായ അംഗവൈകല്യം	ഒരു ലക്ഷം രൂപ
3.	രണ്ടുകാലുകൾ/കൈകൾ/കണ്ണുകൾ നഷ്ടം	ഒരു ലക്ഷം രൂപ
4.	ഒരു കാൽ/കൈ/ കണ്ണ് നഷ്ടം	50000 രൂപ
5.	അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ടു കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം	5000 രൂപവീതം
6.	അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ടു പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം	5000 രൂപവീതം
7.	അപകടത്തിൽ മരണമപ്പെടുന്ന അംഗത്തിന്റെ ശവശരീരം വീട്ടിൽ എത്തിക്കുന്നതിന് ധനസഹായം	1000 രൂപ
8.	മരണമടയുന്ന അംഗത്തിന്റെ ശവസംസ്കാരചടങ്ങിന് ധനസഹായം	1000 രൂപ
9.	ഗുരുതരമായി മുറിവേൽക്കപ്പെടുന്ന അംഗത്തിന്റെ ശുശ്രൂഷ ചെലവിന് ധനസഹായം	5000 രൂപ

(സി) ഇല്ല.

(ഡി-ഇ) ചോദ്യം ഉദിക്കുന്നില്ല.

99 (1065) കാർഷിക വായ്പാപദ്ധതികൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് നടപ്പുവർഷം വായ്പാ പദ്ധതികൾക്കായി എന്ത് തുകയാണ് മാറ്റിവച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) 1998-99 വർഷത്തിൽ വായ്പയായി എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് നടപ്പുവർഷം (1999-2000) വിവിധ വായ്പാ പദ്ധതികൾക്കായി 370 കോടി (മുന്നൂറ്റി എഴുപത് കോടി) രൂപയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 1998-99 വർഷത്തിൽ വായ്പയായി 231.93 കോടി രൂപ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly